ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

**I/111958/2024** **18-07-2024**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിൽ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- **1.**സർക്കുലർ നമ്പർ **EG3/34859/18/DTE** തീയതി,**14.12.2018.**
**2.**നമ്പർ.**EG3/35772/17/DTE** പ്രകാരമുള്ള **11.10.2017,23.10.2017 & 16.03.2021** തീയതികളിലെ നടപടിക്രമം
**3.**സ.ഉ.(കൈ)നം.**207/2020**/ഉ.വി.വ, തീയതി,**10.06.2020**
**4.** ഇടുക്കി,സർക്കാർ എൻജിനിയറിംഗ് കോളേജ്, പ്രിൻസിപ്പലിൻറെ **07.08.2023** ലെ **E2/1057/21/GECI** നമ്പർ കത്ത്.

ഈ വകുപ്പിന് കീഴിൽ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് വായന **(1)** സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

ഇടുക്കി, സർക്കാർ എൻജിനിയറിംഗ് കോളേജിലെ ട്രേഡ്സ്മാൻ (മൌൽഡിങ് & ഫൌണ്ടറി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അനീഷ്.കെ.ജോണി, സമർപ്പിച്ച അപേക്ഷയും,ടിയാൻറെ നിയമന / സേവന വിവരങ്ങൾ ഉൾക്കൊള്ളുന്ന അനുബന്ധ രേഖകളും മേൽ നടപടികൾ സ്വീകരിക്കുന്നതിനായി സൂചന **(4)** കത്ത് പ്രകാരം പ്രിൻസിപ്പാൾ അയച്ചുനൽകിയിരുന്നു. ആയത് പ്രകാരം കോട്ടയം ജില്ലാ **PSC** യുടെ **15.09.2017** - ലെ ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള നിയമന ശുപാർശ ടിയാന് ലഭിച്ചുവെങ്കിലും, കോട്ടയം ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്ന സാഹചര്യത്തിൽ **11.10.2017** ലെ **EB5/35772/17/DTE** നമ്പർ നടപടിക്രമമനുസരിച്ച് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകുകയും,അതിൻറെ അടിസ്ഥാനത്തിൽ ടിയാൻ **23.10.2017** ൽ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി..എന്നാൽ ഒഴിവിൻറെ അഭാവത്തിൽ **23.10.2017** ലെ **EB5/35772/17/DTE** നമ്പർ നടപടിക്രമം പ്രകാരം ടിയാനെ **retrench** ചെയ്തുകൊണ്ട് ഉത്തരവ് നല്കി.

തുടർന്ന് വായന **(3)** പ്രകാരമുള്ള സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാന തലത്തിൽ ആക്കിയതിൻറെ അടിസ്ഥാനത്തിൽ **16.03.2021** ലെ ഇബി5/35772/17/ഡിടിഇ നമ്പർ നിയമന ഉത്തരവ് പ്രകാരം ടിയാന് ഇടുക്കി, സർക്കാർ എൻജിനിയറിംഗ് കോളേജിൽ പുനർ നിയമനം നൽകുകയും **29.03.2021** ൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ടിയാൻ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ യോഗ്യനാണെന്നും, അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും അപേക്ഷപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ശ്രീ.അനീഷ്.കെ.ജോണി - യുടെ അപേക്ഷ വിശദമായി പരിശോധിക്കുകയും മേല്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ ടിയാൻ യോഗ്യനാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വായന (1 ) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിൽ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ **6** ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.പ്രദീപ്.റ്റി - ക്ക് ശേഷം ക്രമ നമ്പർ **7** ആയി ശ്രീ.അനീഷ്.കെ.ജോണി - യെ ഉൾപ്പെടുത്തി ലിസ്റ്റ് പരിഷ്കരിക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ സർക്കുലർ പ്രസിദ്ധീകരിച്ച് **10** ദിവസത്തിനകം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

Signed by
Shalij P R
Date: 18-07-2024 19:32:14

**SHALIJ P R**

**DIRECTOR(I/C)**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി